ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ : സുഭാഷ് ടി വി ഐ.എ.എസ്)

---

പ്രൊസീഡിംഗ്സ് നമ്പർ. എ2/53/2024/ഐ&പി.ആർ.ഡി തീയതി, തിരുവനന്തപുരം (26-11-2024)

---

വിഷയം:- ഐ&പി.ആർ.ഡി- വകുപ്പിൽ പുതുതായി നിയമിതരായ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാർക്ക് 2024 ഡിസംബർ 02 മുതൽ 10 വരെ തീയതികളിൽ തിരുവനന്തപുരം ഐ.എം.ജി-ൽ പരിശീലനം - തുക അനുവദിച്ച് - ഉത്തരവാകുന്നു .

സൂചന: - 1. 02/08/2024 ലെ സ.ഉ(സാധാ) നം. 73/2024/ഐ&പി.ആർ
2. ഐ എം ജി. അസോസിയേറ്റ് പ്രൊഫസറുടെ 07/11/2024 ലെ ഐ എം ജി.-തിരു/502/2024-പി2 നം. കത്തും ഇൻവോയിസും.
3. 20/11/2024 ലെ പബ്ലിക്കേഷൻ വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ കുറിപ്പ്.

<u>ഉത്തരവ്</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് സൂചന (1) ഉത്തരവ് പ്രകാരം ഭരണാനുമതി നല്കി ഉത്തരവായിട്ടുണ്ട്. വകുപ്പിൽ പുതുതായി നിയമിതരായ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാർക്ക് ഷെഡ്യൂൾ പ്രകാരമുള്ള വിഷയങ്ങളിൽ 2024 ഡിസംബർ 02 മുതൽ 10 വരെ തീയതികളിൽ ഐ.എം.ജി-ൽ വച്ച് പരിശീലനം നൽകുന്നതിനായി ആകെ ₹4,16,000/-(15 പേർ പങ്കെടുക്കുന്ന 8 ദിവസത്തെ പരിശീലന പരിപാടിയുടെ കോഴ്സ് ഫീ ₹45000x8=₹3,60,000/- താമസ സൗകര്യം ആവശ്യമുള്ളവർക്ക് ഒരു ദിവസത്തിന് 1000/- രൂപ നിരക്കിൽ അധികമായി ₹56000/-(₹1000x7x8)) യുടെ ഇൻവോയിസ് സൂചന (2) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇൻവോയിസ് പ്രകാരമുള്ള 4,16,000/- (നാല്പ ലക്ഷത്തി പതിനാറായിരം രൂപാ മാത്രം) രൂപ 2024-25 വർഷത്തെ ''2220-60-003-99 പരിശീലനങ്ങൾ/പൊതുആശയ വിനിമയ വൈദഗ്ധ്യത്തിൽ കഴിവ് മെച്ചപ്പെടുത്തൽ'' എന്ന ശീർഷകത്തിൽ നിന്നും ഐ.എം.ജി. ഡയറക്ടറുടെ അക്കൗണ്ടിൽ അനുവദിക്കാവുന്നതാണെന്ന് സൂചന (3) പ്രകാരം പബ്ലിക്കേഷൻ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ പുതിയ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാർക്ക് ഷെഡ്യൂൾ പ്രകാരമുള്ള വിഷയങ്ങളിൽ 2024 ഡിസംബർ 02 മുതൽ 10 വരെ തീയതികളിൽ ഐ.എം.ജി യിൽ നടക്കുന്ന പരിശീലനത്തിനായി ഇൻവോയിസ് പ്രകാരമുള്ള **4,16,000/- രൂപ (നാല്പ ലക്ഷത്തി പതിനാറായിരം രൂപാ മാത്രം)** 2024-25 വർഷത്തെ ''2220-60-003-99 **പരിശീലനങ്ങൾ/പൊതുആശയ വിനിമയ വൈദഗ്ധ്യത്തിൽ കഴിവ് മെച്ചപ്പെടുത്തൽ''** എന്ന പ്ലാൻ ശീർഷകത്തിൽ നിന്നും ഐ.എം.ജി. ഡയറക്ടറുടെ അക്കൗണ്ടിൽ (SBI. Vikas Bhavan Branch, Tvpm., **A/c.No.57044155939**, IFSC-

SBIN0070415) മുൻകൂറായി അനുവദിച്ച് ഉത്തരവാകുന്നു.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

ഡയറക്ടർ, ഐ. എം.ജി, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, പബ്ലിക്കേഷൻ
ഇൻഫർമേഷൻ ഓഫീസർ (ആർ &ആർ/വെബ് & ന്യൂ മീഡിയ )
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ് (3 പകർപ്പുകൾ)
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, സെക്രട്ടേറിയറ്റ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Bindu Chandran R
Date: 27-11-2024 13:13:56

സെക്ഷൻ ഓഫീസർ.

10